# نصيحة الجمعة

## تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam–iyyathul Ulama, Kollam, Kerala)

**للأستاذ المولوي سي. اي .موسي الباقوي القاسمي :**

**തീയതി: 01/09/2017 വിഷയം: ഖലീൽ മാതൃകയാകണം.**

قَدْ كَانَتْ لَكُمْ أُسْوَةٌ حَسَنَةٌ فِي إِبْرَاهِيمَ وَالَّذِينَ مَعَهُ ﴿ممتحنة: ٤﴾

➢ ഇന്ന് മഹത്തായ ബലിപെരുന്നാൾ ദിവസമാണ്. ഏവർക്കും ഈദ് ആശംസകൾ.

تقبل الله منا ومنكم صالح الأعمال

ഈ പുണ്യദിനത്തിൽ ചില പ്രധാനകർമ്മങ്ങൾ നമുക്ക് നിർവ്വഹിക്കാനുണ്ട്. പെരുന്നാൾ നിസ്ക്കാരം, ഖുതുബ, ഉളുഹിയ്യത്ത്, തക്ബീറുകൾ. ഇവ ഓരോന്നും പാപമോചനത്തിന്റെ വലിയ കാരണങ്ങളാണ്.

അതേ സമയം മക്കാമുകർറമയിൽ ഹാജിമാർ അറഫ, മുസ്ദലികൾ പൂർത്തിയാക്കി ജംറയിൽ കല്ലെറിയുന്ന ദിവസമാണ്. അങ്ങനെ ഭൂമിയിലെങ്ങും സൽക്കർമ്മങ്ങൾ നിറയുന്ന പുണ്യദിനം.

أَللهُ اكْبَرُ أَللهُ اكْبَرُ أَللهُ اكْبَرُ لَا الَهَ الَا أَللهُ أَللهُ اكْبَرُ أَللهُ اكْبَرُ ......

➢ ഇന്നത്തെ നമ്മുടെ പെരുന്നാൾ നിസ്കാരത്തിന്റെയും ഉളുഹിയ്യത്തിന്റെയും പ്രത്യേകത അവ വെള്ളിയാഴ്ചയിൽ നിർവ്വഹിക്കുന്നു എന്നുള്ളതാണ്. ഏതൊരു കർമ്മവും വെള്ളിയാഴ്ച നിർവ്വഹിക്കുന്നതിന് സവിശേഷമായ പ്രതിഫലമുണ്ടല്ലോ.? ഈ അവസരം നബി(സ്വ)ക്കും ലഭിക്കുകയുണ്ടായി.

عَنْ النُّعْمَانَ بْنِ بَشِيرٍ قَالَ: كَانَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقْرَأُ فِي الْعِيدَيْنِ وَفِي الْجُمُعَةِ بِ﴿سَبِّحِ اسْمَ رَبِّكَ الْأَعْلَى﴾، وَ﴿هَلْ أَتَاكَ حَدِيثُ الْغَاشِيَةِ﴾ قَالَ: وَإِذَا اجْتَمَعَ الْعِيدُ وَالْجُمُعَةُ فِي يَوْمٍ وَاحِدٍ يَقْرَأُ

بِهِمَا أَيْضًا فِي الصَّلَاتَيْنِ (مسلم)

(=നബി(സ്വ) പെരുന്നാൾ, ജുമുഅ നിസ്കാരങ്ങളിൽ സൂറത്തു ൽ അഅ്ലാ, ഗാഷിയ എന്നിവ ഓതുമായിരുന്നു. വെള്ളിയാഴ് ചയും പെരുന്നാളും ഒരുമിച്ച് വന്നപ്പോൾ രണ്ട് നിസ്കാരങ്ങ ളിലും ഈ സൂറത്തുകൾ ഓതിയിരുന്നു) ഈ ഭാഗ്യമാണ് ഇപ്പോ ൾ നമുക്ക് ലഭിച്ചിട്ടുള്ളത്.

أللہُ اكْبَرُ أللہُ اكْبَرُ أللہُ اكْبَرُ لَا الٰهَ الَا أللہُ أللہُ اكْبَرُ أللہُ اكْبَرُ ......

➢ ഇബ്റാഹീം നബി(അ)യെ കുറിച്ചുള്ള ഓർമ്മകൾ ഉയരുന്ന ദിവസമാണിന്ന്. അദ്ദേഹത്തെ സ്മരിക്കാതെ ഈ ദിവസം പൂ ർ ണ്ണമാവില്ല. നാം നിർവ്വഹിക്കുന്ന ഉളുഹിയ്യത്ത് അത്രമേൽ ആ മഹാപ്രവാചകരുമായി ബന്ധപ്പെട്ടുനിൽക്കുന്നു. അവരെ സ്മരി ക്കാൻ ഖുർആൻ കൽപ്പിക്കുന്നുണ്ട്.

وَاذْكُرْ فِي الْكِتَابِ إِبْرَاهِيمَ ۚ إِنَّهُ كَانَ صِدِّيقًا نَّبِيًّا ﴿مريم: ٤١﴾

➢ സ്മരിക്കണമെന്നു മാത്രമല്ല അദ്ദേഹത്തെ മാതൃകയാക്കി ജീവി ക്കണമെന്നും അല്ലാഹു നമ്മോടുകൽപ്പിച്ചിരിക്കുന്നു.

قَدْ كَانَتْ لَكُمْ أُسْوَةٌ حَسَنَةٌ فِي إِبْرَاهِيمَ وَالَّذِينَ مَعَهُ إِذْ قَالُوا لِقَوْمِهِمْ إِنَّا بُرَاء مِنكُمْ وَمِمَّا تَعْبُدُونَ مِن دُونِ اللَّهِ كَفَرْنَا بِكُمْ ﴿ممتحنة: ٤﴾

ഇവിടെ തന്റെ ജനതയുടെ ശിർക്കീ വിശ്വാസ ആചാര ആഘോഷ ങ്ങളോട് ശക്തമായി വിയോജിക്കുന്ന ഇബ്റാഹീം നബി(അ) യെ ആണ് നാം കാണുന്നത്. അദ്ദേഹം പറഞ്ഞു.

إِنَّا بُرَاء مِنكُمْ وَمِمَّا تَعْبُدُونَ مِن دُونِ اللَّهِ كَفَرْنَا بِكُمْ

അതേസമയം തന്റെ ജനതയോട് അവധാനതയോടെ കാര്യങ്ങ ൾ ബോധ്യപ്പെടുത്തുന്നതിൽ അദ്ദേഹം ക്ഷമകാണിക്കുകയും ചെയ് തു.

فَلَمَّا جَنَّ عَلَيْهِ اللَّيْلُ رَأَىٰ كَوْكَبًا ۖ قَالَ هَٰذَا رَبِّي ۖ فَلَمَّا أَفَلَ قَالَ لَا أُحِبُّ الْآفِلِينَ* فَلَمَّا رَأَى الْقَمَرَ بَازِغًا قَالَ هَٰذَا رَبِّي فَلَمَّا أَفَلَ قَالَ لَئِن لَّمْ يَهْدِنِي رَبِّي لَأَكُونَنَّ مِنَ الْقَوْمِ الضَّالِّينَ ﴿أنعام: ٧٦،٧٧﴾

ശിർക്കിന്റെ പ്രചാരകനായിരുന്ന തന്റെ രക്ഷകർത്താവിനോട് ആദരവോടെയാണ് ഇബ്റാഹീം (അ) സംസാരിച്ചത്.

يَا أَبَتِ إِنِّي قَدْ جَاءَنِي مِنَ الْعِلْمِ مَا لَمْ يَأْتِكَ فَاتَّبِعْنِي أَهْدِكَ صِرَاطًا سَوِيًّا﴿مريم :٤٣﴾

➢ ഭരണത്തിന്റെ മറവിൽ മറ്റുള്ളവരുടെ മേൽ തങ്ങളുടെ മതത്തെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന ഇന്ത്യയുടെ ഇന്നത്തെ പശ്ചാത്തലത്തിൽ ഇത് നമ്മുടെ മാർഗ്ഗരേഖയാകണം.

1- തൗഹീദിന് നിരക്കാത്ത മുഴുവൻ കാര്യങ്ങളിൽ നിന്നും നാം അകലം പാലിക്കണം. വിശ്വാസ,ആചാര,ആഘോഷങ്ങളിൽ നിന്നും. കാരണം ശിർക്ക് നരകത്തിലെത്തിക്കും.

2- അതേ സമയം വ്യക്തിപരവും സാമൂഹ്യവുമായ ബന്ധങ്ങളിൽ സത്യസന്ധതയും സ്നേഹവും സഹിഷ്ണുതയും മറ്റുള്ള വരോട് നാം പുലർത്തണം. അഥവാ സ്നേഹത്തിന്റെ മറവിൽ ആദർശങ്ങൾ കടം കൊള്ളാവതല്ല.

قُلْ يَا أَيُّهَا الْكَافِرُونَ (١) لَا أَعْبُدُ مَا تَعْبُدُونَ﴿كافرون﴾

➢ ഈ സന്തുലിതത്വമാണ് ഇസ്‌ലാമിന്റെ പ്രത്യേകത.

وَكَذَٰلِكَ جَعَلْنَاكُمْ أُمَّةً وَسَطًا لِّتَكُونُوا شُهَدَاءَ عَلَى النَّاسِ وَيَكُونَ الرَّسُولُ عَلَيْكُمْ شَهِيدًا ۗ﴿البقرة:١٤٣﴾

രാജ്യത്തിന്റെയും സമുദായത്തിന്റെയും നന്മക്കും ക്ഷേമത്തിനുമായി നമുക്ക് പ്രാർത്ഥിക്കാം. ആദർശത്തിൽ ഉറച്ച് നിലകൊള്ളുമെന്ന് പ്രതിജ്ഞചെയ്യാം. അതാണ് ഇബ്റാഹീം നബിയുടെയും പെരുന്നാളിന്റെയും സന്ദേശം.

تقبل الله منا ومنكم صالح الأعمال

**ഒരിക്കൽക്കൂടി ആശംസകൾ.**

■